മകനെ വിലക്കു വാങ്ങി

കോന്നിയൂർ ആർ. നരേന്ദ്രനാഥ്



ഹരിശ്ചന്ദ്രനു വളരെക്കാലം സന്താനങ്ങളൊന്നുമുണ്ടായില്ല. അതിനാൽ അദ്ദേഹത്തിനു ജീവിതത്തിൽ സംതൃപ്തി തോന്നിയില്ല. പണ്ട് എല്ലാവരും ചെയ്തിരുന്നമാതിരി അദ്ദേഹവും പുത്രലബ്ധിക്കുവേണ്ടി തപസ്സു ചെയ്തു. വരുണന്റെ വരം നേടുക എന്നതായിരുന്നു ലക്ഷ്യം. വളരെക്കാലം ആത്മാർത്ഥതയോടെ വിധിപ്രകാരമുള്ള കർമ്മങ്ങൾ അനുഷ്ഠിച്ചു കഴിഞ്ഞപ്പോൾ വരുണൻ പ്രത്യക്ഷപ്പെട്ടു. ഒരു വ്യവസ്ഥയ്ക്കു വിധേയനായാൽ, പുത്രനുണ്ടാകുവാനുള്ള വരം കൊടുക്കാം. എന്തു വ്യവസ്ഥയ്ക്കും താൻ ഒരുക്കമാണെന്നു ഹരിചന്ദ്രൻ സമ്മതിച്ചു. വ്യവസ്ഥ ഇതായിരുന്നു.— പുത്രനുണ്ടായാൽ അവനെ തനിക്കു ബലിനൽകണം. ഗത്യന്തരമില്ലാതെ രാജാവ് അത് ഏററു.

വർഷങ്ങൾ കുറെ കടന്നുപോയി. ഹരിശ്ചന്ദ്രനു് ഒരു മകൻ പിറന്നു. ഈ വിവരം അറിഞ്ഞപ്പോൾ ബ്രാഹ്മണന്റെ വേഷത്തിൽ വരുണൻ രാജസന്നിധിയിലെത്തി. പഴയ സത്യത്തെ ഓർമ്മപ്പെടുത്തി. എങ്ങനെയെങ്കിലും ഇതിൽനിന്നു

രക്ഷപ്പെടണം എന്നായി രാജാവിന്റെ മോഹം. മകൻ ജനിച്ചിട്ട് ഒരുമാസം തികഞ്ഞിട്ടില്ല. രാജ്ഞിക്കു യാഗത്തിൽ പങ്കുചേരാൻ അർഹതയില്ല. അതുകൊണ്ടു യാഗം ഇപ്പോൾ ചെയ്യുന്നതെങ്ങനെ?

ഒരുമാസം കഴിഞ്ഞു വരുണൻ വരാമെന്നുപറഞ്ഞു മടങ്ങി.



മാസം പിന്നെയും ഒന്നു കടന്നുപോയി. വരുണൻവീണ്ടും വന്നു.

രാജാവ് ഈ സന്ദർഭത്തിൽ മറെറാരു ഉപായമാണ് എടുത്തത്. കുട്ടിയുടെ ഉപനയനാദികൾ കഴിയാതെ എന്തുചെയ്താലും ഫലമില്ലെന്നാണു ശാസ്ത്രവിധി. അതുകൊണ്ടു കുറെക്കൂടി കാത്തിരിക്കണം. വരുണൻ സമ്മതം മൂളി മടങ്ങി. ഇനി ഒരു ഒഴിവുകഴിവും പറയാൻ പാടില്ല.

രാജകുമാരന്റെ പേർ ലോഹിതനെന്നായിരുന്നു. ലോഹിതൻ വിദ്യാഭ്യാസം തുടങ്ങി.

ആരിൽ നിന്നോ രാജാവു ചെയ്തിട്ടുള്ള പ്രതിജ്ഞയുടെ വിവരം ലോഹിതൻ അറിഞ്ഞു. യാഗത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നത് അവൻ കണ്ടു. അവിടെ എങ്ങനെ കഴിയാനൊക്കും? ആരെയും അറിയിക്കാതെ രാജധാനിവിട്ട് അവൻ പോയി. അകലെയുള്ള ഒരു വനത്തിൽചെന്ന് ഒളിച്ചു ജീവിക്കാൻ തുടങ്ങി,

പഴയ പ്രതിജ്ഞ ഓർമ്മിപ്പിച്ചുകൊണ്ടു വരുണൻ വന്നെത്തി.

പുത്രനെ കാണാതായ കാര്യം വേദനയോടെ രാജവ് അദ്ദേഹത്തെ അറിയിച്ചു. എന്നാൽ കടുത്തകോപമാണു വരുണനുണ്ടായത്. വാക്കുപാലിക്കുവാനുള്ള വൈമനസ്യമാണ് ഇത്. കരുതിക്കൂട്ടി ചെയ്ത പ്രവൃത്തിയല്ലേ ഇത്? കോപിഷ്ഠനായ വരുണൻ ഹരിശ്ചന്ദ്രനെ ശപിച്ചു: ''ജലോദരം എന്ന മഹാരോഗം പിടിപെട്ടു ദുരിതം അനുഭവിക്കുവാൻ ഇടവരട്ടെ!''

രാജാവു രോഗംവന്നു കിടപ്പായി. എന്തുചെയ്യുവാൻ സാധിക്കും? ലോഹിതനെക്കുറിച്ച് ഒരു വിവരവുമില്ല.

കാട്ടിൽ ഒളിവിൽ ജീവിച്ചുവന്ന ലോഹിതൻ രാജധാനിയിലെ വർത്തമാനങ്ങൾ അറിഞ്ഞുകൊണ്ടാണിരുന്നത്. പിതാവിന്റെ ദുരിതം അവസാനിപ്പിക്കുവാൻ മകനു ബാദ്ധ്യതയില്ലേ? പിതാവിനുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ സൽപുത്രന്മാർ സന്നദ്ധരാകേണ്ടേ?

ഈ വിവരങ്ങൾ അറിഞ്ഞ ഇന്ദ്രൻ ഒരുദിവസം ലോഹിതന്റെ അടുത്തെത്തി.. എല്ലാ വിവരങ്ങളും അദ്ദേഹം അവനെ പറഞ്ഞു മനസ്സിലാക്കി. ലോഹിതൻ പിതാവിന്റെ അടുത്തേക്കു പോയതേയില്ല. രോഗംകൊണ്ടുള്ള ദുരി

മകനെ വിലയ്ക്കു വാങ്ങി

തം അനുഭവിച്ച സഹികെട്ട ഹരിശ്ചന്ദ്രൻ വസിഷ്ഠഗുരുവിനെ വരുത്തി സങ്കടം പറഞ്ഞു. ഇതിൽനിന്നു മോചനത്തിന് എന്താണുവഴി?

വസിഷ്ഠൻ ഒരു ഉപായം പറഞ്ഞു: ''ധർമ്മശാസ്ത്രപ്രകാരം പുത്രന്മാർ പതിമ്മൂന്നു തരത്തിലുണ്ട്. അതിലൊന്നു വിലയ്ക്കുവാങ്ങുന്ന പുത്രനാണ്. ഒരു ബ്രാഹ്മണസുതനെ വിലയ്ക്കു വാങ്ങാവുന്നതാണ്. അങ്ങനെ വാങ്ങുന്ന പുത്രനു പിതാവിനുവേണ്ടി എല്ലാ കാര്യങ്ങളും അനുഷ്ഠിക്കാം. അയാളെ നരബലിക്ക് ഉപയോഗിക്കുക.'' ഇതായിരുന്നു വസിഷ്ഠന്റെ യുക്തി.

ഹരിശ്ചന്ദ്രൻ രാജാവാണല്ലോ. എത്ര വിലകൊടുക്കാനും സമ്പത്തുള്ള ആളു. അതുകൊണ്ടു ധനത്തിൽ കൊതിയുള്ള ഒരു ദ്വിജനെ കണ്ടെത്തണം. വേണ്ടത്രധനം കൊടുത്ത് ഒരു മകനെ വിലയ്ക്കുവാങ്ങണം.

രാജദൂതന്മാർ നാടൊട്ടുക്കു നടന്നു. അവസാനം അവരിൽ ഒരാൾ ഒരു ബ്രാഹ്മണനെ കണ്ടുപിടിച്ചു; മൂന്നു മക്കളുള്ള ഒരുത്തൻ. വിലപേശൽ നടന്നു. നല്ല ഒരു തുക കിട്ടിയപ്പോൾ അയാൾ പുത്രനെ രാജാവിനു വിററു!

രാജദൂതന്മാർ അതിനെയുംകൊണ്ടു കൊട്ടാരത്തിൽ എത്തി. ശുനശ്ശേഫൻ എന്നായിരുന്നു അവന്റെ പേർ.

യാഗത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയായി. യാഗം തുടങ്ങി, അതിൽ സംബന്ധിക്കുവാൻ വിശ്വാമിത്രനും ഹാജരായി. നരബലിക്ക് ഇരുത്തിയിരുന്ന ബ്രാഹ്മണബാലൻ കരളലിയിക്കുന്ന വിധത്തിൽ കരയുന്നു. യാഗശാലയിൽ അവന്റെ രോദനമാണു മുന്തിനിന്നത്. പക്ഷേ അതു് ആരുണ്ടു കേൾക്കുവാൻ.

വിശ്വാമിത്രന് ഇതു തീരെ സഹിച്ചില്ല. വേദനകൊണ്ട് അദ്ദേഹത്തിന്റെ ഹൃദയം വളരെ ഇളകി. രാജാവിനോടു വളരെ വാദിച്ചുനോക്കി, ആ ബാലനെ ബലിയർപ്പിക്കാതിരിക്കാൻ. എന്നാൽ ഫലമൊന്നുമുണ്ടായില്ല.

വിശ്വാമിത്രൻ ആ ബാലന്റെ അടുത്തു ചെന്നിരുന്നു. അവനെ ആശ്വസിപ്പി

ക്കവാനെന്നഭാവത്തിൽ, സൗകര്യം വന്ന പ്പോരം ആ ബാലൻെറ ചെവിയിൽ വരുണമന്ത്രം ഉപദേശിച്ചുകൊടുത്തു.

ശുനശ്ശേഫൻ ആത്മാർത്ഥതയോടെ വരുണമന്ത്രം ജപിച്ചു. അതിൻെറ ഫലമായി വരുണൻ അവിടെ പ്രത്യക്ഷപ്പെട്ടു.

ബ്രാഹ്മണവേഷം ധരിച്ച് അവിടെ ചെന്ന വിശ്വാമിത്രൻ, പഴയവെറുപ്പുമൂലം ഹരിശ്ചന്ദ്രനെ ചതിച്ചു രാജ്യമൊക്കെ സ്വാധീനപ്പെടുത്തി. ഹരിശ്ചന്ദ്രൻ വളരെ കഷ്ടപ്പെട്ടു. വസിഷ്ഠൻ ഈ ചതിപ്രയോഗം അറിഞ്ഞു. അതിനുശേഷം



ആ ബാലനോടു വരുണനു സന്തോഷം തോന്നി. തന്നെ രക്ഷിക്കണമെന്ന് അവൻ അപേക്ഷിച്ചപ്പോരം വരുണൻ അതിനു സമ്മതിച്ചു, ബാലൻ രക്ഷപ്പെട്ടു.

സത്യം പാലിക്കുവാൻ സകലകാര്യങ്ങളും അനുഷ്ഠിച്ചതുകൊണ്ടു രാജാവിനോടും വരുണനു സന്തോഷമായി. ഹരിശ്ചന്ദ്രനു ശാപമോക്ഷം കിട്ടുകയും ചെയ്തു. അദ്ദേഹത്തിൻെറ രോഗം ഭേദമായി.

താൻ ഉപദേശിച്ച കാര്യം സ്വീകരിക്കുവാൻ ഹരിശ്ചന്ദ്രൻ തയ്യാറാകാഞ്ഞതിനാൽ വിശ്വാമിത്രനു രാജാവിനോടു വലിയ വെറുപ്പുണ്ടായി. അവർ അന്നുമുതൽ ശത്രുക്കളായി.

കാലം കടന്നുപോയി.

ഒരിക്കൽ ഹരിശ്ചന്ദ്രൻ മൃഗയാവിനോദത്തിനായി വനത്തിൽ പോയി.

ഒരിക്കൽ വിശ്വാമിത്രനെ കാട്ടിൽ കണ്ടുമുട്ടിയപ്പോരം ശപിച്ചു. കൊക്കു ധ്യാനിച്ചുകൊണ്ടിരിക്കുന്ന ഭാവം കാണിച്ചു മൽസ്യങ്ങളെ പിടിക്കുന്നതുപോലെ വഞ്ചനകൊണ്ടു സ്വന്തം കാര്യം കാണുന്ന വിശ്വാമിത്രൻ കൊക്കായിത്തീരട്ടെ,— എന്നായിരുന്നു ശാപം! എന്നാൽ വിശ്വാമിത്രനും വിട്ടില്ല. തിരിഞ്ഞു വസിഷ്ഠനുംകൊടുത്തു, ഒരു ശാപം! താൻ കൊക്കായി കഴിയുന്നത്രയുംകാലം വസിഷ്ഠൻ പൊന്മാനായി കഴിയട്ടെ— എന്നായിരുന്നു വിശ്വാമിത്രൻ നൽകിയ ശാപം.

എന്തിനു, രണ്ടുപേരും കോപംകൊണ്ടു പരസ്പരം ശപിച്ച്, ഒരാരം കൊക്കായും മറെറയാരം പൊന്മാനായും പരിണമിച്ചു.

കൊക്കും പൊന്മാനും പറന്നുപറന്നു മാനസസരസ്സിൽഎത്തി. അതിൻെറ തീര

മധുരം

ജോൺസ് ടി. എൽ.

ഓഡിറ്റോറിയത്തിനു പുറത്തു വരാന്തയിൽ നിന്നാൽ പൂന്തോട്ടത്തിന്റെ ഭംഗി മുഴുവനും കാണാം. കിഴവൻ ഗാർഡനർ തൂണിലൂടെ പടർത്തിയ ബൊഗേൻവില്ലയുടെ വള്ളിപ്പടർപ്പുകൾക്ക് ഒതുക്കം കൊടുക്കുകയാണെന്നു തോന്നുന്നു.

വസൂരിക്കലകൾ മുഖം നിറയെയുള്ള കിഴവൻ. സൌകുമാര്യം സൃഷ്ടിക്കുന്ന വൈരൂപ്യം.

രാജനു വെറുപ്പു തോന്നി.

ഭിത്തികളിൽ പണ്ടൊരിക്കൽ ഒട്ടിച്ചിരുന്ന നോട്ടീസുകളുടെ കീറിയ ഭാഗങ്ങൾ ഇപ്പോഴും കാണുന്നു. അവയിൽ എഴുതിയിട്ടിരിക്കുന്നു—വോട്ട് ഫോർ രാജൻ.

രാജനു വോട്ടു ചെയ്യുക.

എന്നിട്ട്?

തോററുപോയി.

വെറും ഇരുപതു വോട്ടുകൾക്ക്. ഇരുപത്തു് വോട്ടുകൾക്ക് മാത്രം. പെൺകുട്ടികളുടെ വോട്ടുകളാണു തന്നെ തകർത്തത്. അവർ ചേർന്നുനിന്നു പറഞ്ഞു: ''രാജനു വോട്ട്ചെയ്യേ! നല്ലകാര്യം—''

അപ്പോൾ ഒരാൾ മാത്രം—

പ്രിയ!

എല്ലാ എതിർപ്പുകളെയും തൃണവൽ ഗണിച്ചുകൊണ്ടു തനിക്കുവേണ്ടി പെൺകുട്ടികൾക്കിടയിൽ ക്യാൻവാസ് ചെയ്തു



ത്തുള്ള ഒരു വൃക്ഷത്തിൽ രണ്ടുകൂടുകൾ കെട്ടി അതിൽ പാർത്തു. പക്ഷേ അവരുടെ ശത്രുതയും ശണ്ഠയും അവസാനിച്ചില്ല. സൗകര്യം വരുമ്പോഴൊക്കെ അവർ തമ്മിൽ കൊത്തുകയും ചെയ്തുകൊണ്ടിരുന്നു.

കാലം അങ്ങനെ കടന്നുപോയി.

ഒരിക്കൽ വസിഷ്ഠപിതാവായ ബ്രഹ്മാവ് അതുവഴി വരുവാനിടയായി. ആ അവസരത്തിൽ കൊക്കും പൊന്മാനും തമ്മിൽ കടുത്ത ശണ്ഠ നടക്കുന്നതു കണ്ടു. അദ്ദേഹത്തിനു വലിയ സങ്കടം തോന്നി. എല്ലാം അറിവുള്ള ബ്രഹ്മാവ് ഈ പക്ഷികളുടെ കഥയും ഓർമ്മിച്ചു. അനുകമ്പാർദ്രനായിത്തീർന്ന ബ്രഹ്മാവ് അവർക്കു ശാപമോക്ഷം കൊടുത്തു് അവരെ സ്വസ്ഥാനങ്ങളിലേക്കു യാത്രയാക്കി!